മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ബഹുമാനപ്പെട്ട വി. കെ. ബാബു ഉന്നയിച്ച പ്രശ്നം കേന്ദ്രഗവൺമെൻറ് കൈകാര്യം ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് സംസ്ഥാന ഗവൺമെൻറിൻെറ അഭിപ്രായം ആരാഞ്ഞിട്ടില്ല. കേരളത്തിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ഒരു അഭിപ്രായ സമന്വയം ഇല്ലാത്ത പ്രശ്നമാണിത്. മന്ത്രിസഭ ഇതു സംബന്ധിച്ച് ഇതുവരെ ഒരു പ്രത്യേക തീരുമാനം എടുത്തിട്ടില്ല. ഇത് കേന്ദ്രഗവൺമെൻറ് കൈകാര്യം ചെയ്യുന്ന ഒരു വിഷയമായതുകൊണ്ടും സംസ്ഥാന ഗവൺമെൻറിന് ഇതുവരെ അറിവില്ലാത്തതുകൊണ്ടുമാണ് മന്ത്രിസഭ ഇതിനെക്കുറിച്ച് ഇതുവരെ ഒരു തീരുമാനം എടുക്കാത്തത്. ഇതിനപ്പുറം ഈ കാലഘട്ടത്തിൽ ഇതിനെക്കുറിച്ച് മറെറാരു അഭിപ്രായപ്രകടനം നടത്താൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു.

(5) വാഹനം മുട്ടി സന്തോഷ് എന്നയാൾ മരിക്കാനിടയായ സംഭവം

ശ്രീ. എസ്. ശർമ്മ : സർ, എൻെറ നിയോജക മണ്ഡലത്തിലെ ചെങ്ങമനാട് പറമ്പയത്ത് വച്ച് 1995 ആഗസ്റ്റ് മാസം 25-ാം തീയതി കെ. എൽ. ടി. സി. 4404 നമ്പരുള്ള ജീപ്പു മുട്ടി 25 വയസുള്ളതും ഡി. വൈ. എഫ്. ഐ. യുടെ വില്ലേജ് പ്രസിഡണ്ടുമായിരുന്ന സന്തോഷ് മരിക്കുകയുണ്ടായി. സംഭവം നടന്നിട്ട് ഏഴു മാസം കഴിഞ്ഞു. നാളിതുവരെ അവിടത്തെ പോലീസ് ആ വാഹനത്തെയും ബന്ധപ്പെട്ടവരെയും പിടികൂടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സന്നദ്ധമായിട്ടില്ല. എത്രയും പെട്ടെന്ന് വാഹനത്തെയും അതിലെ ഡ്രൈവറെയും കസ്റ്റഡിയിലെടുക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനും വേണ്ടി ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് ആലുവ പോലീസ് സൂപ്രണ്ട് ഓഫീസിൻെറ മുമ്പിലേക്ക് ബഹുജന മാർച്ച് നടക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ പ്രത്യേകമായ നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ശ്രീ. ശർമ്മ സൂചിപ്പിച്ചതു പോലെ സന്തോഷിൻെറ മരണത്തെ സംബന്ധിച്ചുള്ള സത്യാവസ്ഥ കണ്ടുപിടിക്കാനോ, സന്തോഷിനെ ഇടിച്ചിട്ട് ഓടിച്ചു പോയ വാഹനം കണ്ടുപിടിക്കാനോ കുറവാളിയെ കണ്ടെത്താനോ സാധിക്കാത്തതിൽ ആ പ്രദേശത്തെ ജനങ്ങൾക്കുള്ള തീവ്രമായ വികാരം ഗവൺമെൻറിനറിയാം. ഇതു സംബന്ധിച്ച് പലരേയും ചോദ്യം ചെയ്തു, വാഹനത്തെയും തെരഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇതുവരെയും കുറവാളിയെ കണ്ടെത്താനോ, വാഹനം കണ്ടെത്താനോ കഴിഞ്ഞിട്ടില്ല എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. കേസ് സന്വേഷണം കൂടുതൽ ഊർജ്ജിതമായി നടത്തി കുറവാളിയെ കണ്ടെത്തി നടപടി സ്വീകരിക്കാനുള്ള ശ്രമം ഗവൺമെൻറ് നടത്തുമെന്ന് അങ്ങയെയും സഭയേയും അറിയിക്കാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly